# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3477 — 22/08/2017-ൽ മറുപടിക്ക്

### കോളറ രോഗബാധ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, എൽദോ എബ്രഹാം**<br>**,, കെ. രാജൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സംസ്ഥാനത്ത് കോളറ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;വിശദമാക്കുമോ; | **എ)** ഉണ്ട്.<br>പത്തനംതിട്ട ജില്ലയിൽ വള്ളിക്കോട് പഞ്ചായത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലും കോഴിക്കോട് ജില്ലയിൽ ചെറുപ്പ എം.സി.എച്ച് യൂണിറ്റിന്റെ തേഞ്ഞിലക്കടവ് എന്ന സ്ഥലത്ത് 3 ഇതര സംസ്ഥാന തൊഴിലാളികൾക്കുമാണ് കോളറ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| **ബി)** ജലത്തിലൂടെ പകരുന്ന രോഗമായ കോളറ തടയുന്നതിന് പൊതുജനങ്ങൾ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കുമോ; | **ബി)** കോളറ രോഗബാധ തടയുന്നതിന് തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, കൈകൾ സോപ്പുപയോഗിച്ച് കഴുകുകയും വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുക, തണുത്തതും തുറന്നുവെച്ചിരിക്കുന്നതുമായ ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കാതിരിക്കുക. പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ഒഴിവാക്കുക എന്നീ മുൻകരുതലുകൾ സ്വീകരിക്കണം |
| **സി)** കോളറ രോഗബാധയെ പ്രതിരോധിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ? | **സി)** കോളറ രോഗബാധിതർക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള ഡോക്സിസൈക്ലിൻ, ഒ.ആർ.എസ് ഉൾപ്പെടെയുള്ളവ ജില്ലകളിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. കോളറ ബാധിത പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകൾ ദിവസേന സൂപ്പർ ക്ലോറിനേഷൻ നടത്തിവരുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽ ആഴ്ചയിലൊരിക്കൽ ക്ലോറിനേഷൻ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരും മറ്റ് സന്നദ്ധ പ്രവർത്തകരും ഭവന സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണം നൽകിവരുന്നു. കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുവാനും വ്യക്തി ശുചിത്വം, |

പരിസരശുചിത്വം പാലിക്കാനുമുള്ള ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുന്നു. നോട്ടീസ് വിതരണം, ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ എന്നിവയും നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കോളറ അലർട്ട് നൽകുകയും ക്ലോറിനേഷൻ ഉൾപ്പെടെ പ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. കോളറബാധിത പ്രദേശങ്ങളിൽ ഡോക്സിസൈക്ലിൻ ഗുളിക വിതരണം ചെയ്തു.

സെക്ഷൻ ഓഫീസർ